**ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & തൃശ്ശൂർ ജില്ലാകളക്ടർ ന്റെ നടപടിക്രമം**
**(ഹാജർ : എസ് ഷാനവാസ് ഐ എ എസ്)**

വിഷയം – ദേശീയദുരന്തനിവാരണനിയമം, 2005 – തൃശ്ശൂർ ജില്ല – കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾക്ക് അദ്ധ്യാപകരെ നിയോഗിച്ച് – ഉത്തരവാകുന്നു

പരാമർശം – 02.05.2020 തീയതിയിൽ നടന്ന യോഗത്തിന്റ തീരുമാനം

**ഉത്തരവ് നം. DCTSR/14476/2020-H4 തീയതി:02.05.2020**

തൃശ്ശൂർജില്ലയിൽ കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമാണെന്ന് കാണുന്നു. ആയതു പരിഗണിച്ച് ജില്ലയിലെ അദ്ധ്യാപകരുടെ സേവനം കൂടി പ്രയോജനപ്പെടുത്തുന്നതിന് മേൽപരാമർശപ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിലെ പ്രാഥമികനടപടി എന്ന നിലയിൽ തൃശ്ശൂർ ജില്ലയിലെ പുരുഷഅദ്ധ്യാപകരെ 2005 ലെ ദേശീയദുരന്തനിവാരണനിയമപ്രകാരം കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾക്ക് നിയോഗിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. മേൽപ്രകാരമുള്ള പുരുഷഅദ്ധ്യാപകരോട് അവർ ജോലി ചെയ്യുന്ന താലൂക്ക് തഹസിൽദാർ മുമ്പാകെ 04.05.2020 തീയതി(തിങ്കളാഴ്ച) രാവിലെ 10.00 മണിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം തൃശ്ശൂർ വിദ്യാഭ്യാസഉപഡയറക്ടർ നൽകേണ്ടതാണ്. അപ്രകാരം ഹാജരാകുന്ന പുരുഷഅദ്ധ്യാപകരുടെ രജിസ്ട്രേഷന് ആവശ്യമായ നടപടി അതത് തഹസിൽദാർമാർ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത അദ്ധ്യാപകർക്ക് ചുമതല നിശ്ചയിച്ച് നൽകുന്നതിനും ആവശ്യമായ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ട നടപടി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) കൈക്കൊള്ളേണ്ടതാണ്. മേൽപ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ അടക്കമുള്ള നടപടി 2005 ലെ ദേശീയദുരന്തനിവാരണനിയമപ്രകാരം സ്വീകരിക്കുന്നതായിരിക്കും. 2021 ലെ സെൻസസിനു വേണ്ടി ഇതിനകം താലൂക്കുകൾ, മുനിലിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നീ കാര്യാലയങ്ങളിൽ ശേഖരിച്ചിട്ടുള്ള പുരുഷഅദ്ധ്യാപകരുടെ വിവരവും ഇക്കാര്യത്തിലേക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & ജില്ലാകളക്ടർ

സ്വീകർത്താവ് – വിദ്യാഭ്യാസഉപഡയറക്ടർ, തൃശ്ശൂർ
(പുരുഷഅദ്ധ്യാപകർക്ക് മേൽപ്രകാരം നിർദ്ദേശം നൽകുന്നതിനായി)

പകർപ്പ് –
1) ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), തൃശ്ശൂർ – 04.05.2020 തീയതിൽ ആവശ്യമായ ജീവനക്കാരെ താലൂക്കുകളിലേക്ക് നിയോഗിക്കുന്നതിന് വേണ്ടി
2) സബ്കളക്ടർ, തൃശ്ശൂർ / റവന്യൂഡിവിഷണൽഓഫീസർ, ഇരിങ്ങാലക്കട – അറിവിലേക്കായി

Scanned with CamScanner

3) ശ്രീ. കെ.മധു, നോഡൽ ഓഫീസർ / ഡെപ്യൂട്ടികളക്ടർ(എൽ ആർ) & അപ്പലേറ്റ്അതോറിറ്റി, തൃശ്ശൂർ - അറിവിലേക്കായി

4) ശ്രീ.എൻ.കെ.കൃപ,നോഡൽഓഫീസർ/ഡെപ്യൂട്ടികളക്ടർ(ഇലക്ഷൻ), - അറിവിലേക്കായി

5) ഡെപ്യൂട്ടി കളക്ടർ(ഡി എം) - അറിവിലേക്കായി

6) തഹസിൽദാർ, ചാവക്കാട്/കുന്നംകുളം/തലപ്പിള്ളി/തൃശ്ശൂർ/മുകുന്ദപുരം/ചാലക്കുടി/കൊടുങ്ങല്ലൂർ - രജിസ്ട്രേഷന് ആവശ്യമായ ക്രമീകരണങ്ങൾക്ക്

7) സിറ്റി സെൻസസ് ഓഫീസർ / ടൗൺ സെൻസസ് ഓഫീസർമാർ / ചാർജ്ജ് ഓഫീസർമാർ - സെൻസസ് വിവരശേഖരത്തിലുള്ള പുരുഷ അദ്ധ്യാപകരെ വിവരം അറിയിക്കുന്നതിന്

8) ഹസൂർ ശിരസ്തദാർ / ജൂനിയർ സൂപ്രണ്ട് (എച്ച്)

9) ജില്ലാകളക്ടറുടെ സി എ / അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ സി എ / സി 10 /

10) H4 കരുതൽ ഫയൽ

Scanned with CamScanner